**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1026** **14-01-2021 - ൽ മറുപടിയ്ക്ക്**

**ബാവിക്കര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാവും എന്ന് അറിയിക്കാമോ; | (എ) | ബാവിക്കര റെഗുലേറ്ററിന്റെ നിർമ്മാണ പ്രവൃത്തിയുടെ സിവിൽ മെക്കാനിക്കൽ പ്രവൃത്തികൾ 2021 ഫെബ്രുവരി 15 നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു, |
| (ബി) | ഈ പ്രവൃത്തിയിൽ അവശേഷിക്കുന്ന ജോലികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രവൃത്തിയുടെ 95% പൂർത്തിയായി. പുഴയുടെ ഇടതുകരയിലെ മേൽഭാഗത്തെ 115 മീറ്റർ നീളത്തിലുള്ള സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി നടന്നുവരുന്നു. ഇടതു കരയുടെ താഴെഭാഗത്തുള്ള 60 മീറ്റർ നീളത്തിലുള്ള പ്രവൃത്തി പൂർത്തീകരിക്കാനുമുണ്ട്. കൂടാതെ മെക്കാനിക്കൽ ഷട്ടറിന്റെ അനുബന്ധ പ്രവൃത്തികൾ നടന്നുവരുന്നു |
| (സി) | ആയതിന്റെ അവശേഷിക്കുന്ന പ്രവർത്തികൾ കൂടി അടിയന്തിരമായി പൂർത്തിയാക്കി സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഉദ്ഘാടനം നിർവ്വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഇലക്ട്രിക്കൽ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ഡിവിഷൻ ഓഫീസിൽ നടന്നു വരുന്നു. 2021 ഫെബ്രുവരി 15 ന് ശേഷം ഉദ്ഘാടനം നിർവ്വഹിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ